# 1

# ആരാധനയുടെ കേന്ദ്രം, ദൈവം

നമ്മുടെ ആരാധനയുടെ കേന്ദ്രബിന്ദു ദൈവം ആയിരിക്കണം (മത്തായി 4:10). മതപരമായ പരിപാടികളും, പ്രവർത്തികളും നാം അനുവർത്തിക്കുന്നുണ്ടെങ്കിലും, അവയൊന്നും ആരാധന ശ്രദ്ധിക്കുമ്പോൾ, ദൈവത്തിന് പകരം ആകുകയില്ല.

ആരാധനയുടെ അടിസ്ഥാനം ദൈവത്തെ കുറിച്ചുള്ള അവബോധമായിരിക്കണം എന്നു ജോൺ ഈ. ബർക്ക്ഹാർട്ട് പറഞ്ഞു:

> ദൈവത്തെ സമ്മതിക്കുന്നതാണ് ഉത്തരവാദിത്തമുള്ള ആരാധന. അത് ആരംഭിക്കുന്നത്, നമുക്കപ്പുറമായ ഒരു യഥാർത്ഥവില ഉണ്ടെന്ന ബോധത്തിൽനിന്നാണ്. ദൈവം ആരാണെന്നും അവന്റെ ദാനങ്ങൾക്കുള്ള അനുമോദനം അർപ്പിക്കുന്നതുമാണ്; അത് ഒരു ഉന്നതസമ്മേളനമാണ്, ദൈവത്തിന്റെ കരുണയെ വളർത്തി വ്യാപിപ്പിക്കുന്നതാണ്, അങ്ങനെ ചിലപ്പോൾ പുകഴ്ച്ചയുടെ താളം നിർത്തി വെളിപ്പാട് 7:12 ലേതുപോലെ "ആമേൻ, നമ്മുടെ ദൈവത്തിന്ന് എന്നെന്നേക്കും സ്തുതിയും മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും ശക്തിയും ബലവും! ആമേൻ"[1] എന്നു പറയേണ്ടിവരും.

ദൈവത്തെ നമ്മുടെ ആരാധനാ കേന്ദ്രമാക്കുവാൻ, നാം ദൈവത്തെ മനസിലാക്കേണ്ടതുണ്ട്. അവൻ ആരാണെന്നും എന്തു ചെയ്യുന്നു എന്നും അറിയാതെ നമുക്ക് എങ്ങനെ ആ വ്യക്തിയെ ആരാധിക്കുവാൻ കഴിയും? അജ്ഞാത ദൈവത്തെ ആണ് അവർ ആരാധിക്കുന്നതെന്ന് പൗലൊസ് അഥേനയിലുള്ളവരോട് പറയുകയുണ്ടായി. സത്യദൈവത്തെ അവർ അറിയാതിരുന്നതുകൊണ്ട് അവർ അറിയാതെയാണ് നമസ്ക്കരിച്ചിരുന്നത്. ആരാധിക്കുവാൻ അവനെ അറിയേണ്ടത് ആവശ്യമാണ്.

### ദൈവത്തെ അറിയൽ

നാം ദൈവത്തെ അറിയേണ്ട ആവശ്യകതയെ കുറിച്ച് ബൈബിൾ ഊന്നി പറയുന്നുണ്ട്. അത് നമുക്ക് അവനോടുള്ള ബന്ധത്തിനും അവൻ നമ്മെ സ്വീകരിക്കുന്നതിനും അത്യന്താപേക്ഷിതമാണ്.

> യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, "ജ്ഞാനി തന്റെ ജ്ഞാനത്തിൽ പ്രശംസിക്കരുത്; ബലവാൻ തന്റെ ബലത്തിൽ പ്രശംസിക്കരുത്; ധനവാൻ തന്റെ ധനത്തിലും പ്രശംസിക്കരുത്. പ്രശംസിക്കുന്നവനോ, യഹോവയായ ഞാൻ ഭൂമിയിൽ ദയയും, ന്യായവും നീതിയും പ്രവർത്തിക്കുന്നു എന്നിങ്ങനെ എന്നെ ഗ്രഹിച്ചറിയുന്നതിൽ തന്നെ പ്രശംസിക്കട്ടെ. ഇതിലല്ലോ എനിക്ക് പ്രസാദമുള്ളത്" എന്നു യഹോവയുടെ അരുളപ്പാട് (യിരെമ്യാവ് 9:23, 24).

"ഏക സത്യദൈവമായ നിന്നേയും നീ അയച്ച ക്രിസ്തുവിനേയും അറി യുന്നതു തന്നെ നിത്യജീവൻ ആകുന്നു ..." (യോഹന്നാൻ 17:3).

യേശു മടങ്ങി വരുമ്പോൾ, "ദൈവത്തെ അറിയാത്തവർക്ക് പ്രതികാരം കൊടുക്കും" (2 തെസലൊനിക്യർ 1:8).

**എന്താണ് തടസം?**

നാം ദൈവത്തെ അറിയുവാൻ ശ്രമിക്കുമ്പോൾ, ചില കാര്യങ്ങൾ തടസ പ്പെടുത്തും. അതിൽ ധനവും (മർക്കൊസ് 4:19), ദൈവത്തിന്റെ സൃഷ്ടികളോ ടുള്ള അമിതാവേശവും (റോമർ 1:25), ദുഷ്പ്രവൃത്തികളും (കൊലൊസ്യർ 1:21), സമ്പാദ്യങ്ങൾ സ്വരൂപിക്കുന്നതും (അത്യാഗ്രഹം; കൊലൊസ്യർ 3:5), സ്വയ–മഹത്വം (2 തിമൊഥെയൊസ് 3:2), മറ്റുള്ളവരെ വിഗ്രഹങ്ങളാക്കുന്നതും, മറ്റുള്ളവരുമായി ബലഹീനബന്ധം പുലർത്തുന്നതും (1 പത്രൊസ് 3:7), ജോ ലിയും, ജോലി ആവശ്യങ്ങളും, മനുഷ്യസൃഷ്ടികളും കണ്ടുപിടിത്തങ്ങളും ഉൾപ്പെടും. ദൈവത്തേക്കാൾ മറ്റൊന്നും നമുക്ക് വലുതായി തീരരുത്. ദൈവ ത്തേക്കാൾ അടുപ്പം ഒരു വ്യക്തിയോടോ, ജോലിയോടോ ഉണ്ടാകുമ്പോൾ, അയാൾക്ക് ദൈവത്തെ അറിയുന്നതിനു അത് തടസമായി തീരുന്നു. ഒരു നാ ണയം എടുത്ത് കൈയിൽ പിടിച്ച് ഒരു കണ്ണടച്ച് മറ്റേ കണ്ണ് തുറന്നു ആ നാ ണയം ചേർത്തുവെച്ചാൽ സൂര്യനെ നമ്മുടെ കാഴ്ച്ചയിൽനിന്നു മറയ്ക്കുവാൻ കഴിയും. നമുക്ക് പ്രിയപ്പെട്ടതെന്തും, ദൈവത്തെ ആരാധിക്കുന്നതിന് നമുക്ക് തടസമായി തീരാം. കാരണം അവ ദൈവത്തിനു പകരമായി ധ്യാനത്തിനും ആരാധനക്കുമായി നാം വെച്ചിരിക്കുകയാണ്.

**എന്താണ് സഹായകരം?**

ദൈവത്തെ അറിയുന്നതിനു തടസമായി നിൽക്കുന്ന കാര്യങ്ങൾ അവനെ ആരാധിക്കുന്നതു മുടക്കുന്നു എന്നറിഞ്ഞാൽ മാത്രം പോരാ. ദൈവത്തെ അറിയുവാൻ നാം സൃഷ്ടിപരമായ പടികൾ കയറണം. ഏതെല്ലാം വിധത്തിൽ നമുക്ക് ദൈവത്തെ അറിയുവാൻ കഴിയുമെന്ന് നോക്കുക ...

1. *അവന്റെ സൃഷ്ടി.* തന്റെ സൃഷ്ടിയാൽ, ദൈവം തന്റെ സ്വഭാവത്തെയും ശക്തിയെയും പ്രപഞ്ചത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു, ഏറ്റവും ചെറിയ ജീവി മുതൽ ആകാശത്തിൽ രാത്രിയിൽ തെളിഞ്ഞുകാണുന്ന വലിയ താര വ്യൂഹങ്ങൾ വരെ അതിൽ ഉൾപ്പെടുന്നു. "അവന്റെ നിത്യശക്തിയും ദിവ്യത്വ വുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃ ത്തികളാൽ ബുദ്ധിക്ക് തെളിവായി ..." (റോമർ 1:20). "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു, ആകാശവിതാനം അവന്റെ കൈവേലയെ പ്രസി ദ്ധമാക്കുന്നു" (സങ്കീർത്തനങ്ങൾ 19:1). ദൈവം സൃഷ്ടിച്ചു വെളിപ്പെടുത്തിയ അവന്റെ മഹത്വത്തെ ചിലപ്പോൾ മനുഷ്യരുടെ കൈവേലകൾക്കും കണ്ടുപി ടിത്തങ്ങൾക്കും നൽകും.

ഇന്നത്തെ ലോകത്ത് മനുഷ്യന്റെ കഴിവുകളനുസരിച്ച് രൂപപ്പെടുത്തിയ മെക്കാനിക്ക്സും, എലക്ട്രോണിക്സുമെല്ലാം നമ്മുടെ ഉൽപന്നങ്ങളിൽ നമുക്ക് പ്രതീതിയുളവാക്കുന്നവയാണ്. വ്യാപാരത്തിലും, കായികാഭ്യാസ ത്തിലും, വിനോദത്തിലും മികവുപുലർത്തുന്നവരെ നാം വിഗ്രഹങ്ങളാക്കി യിരിക്കുകയാണ്. ദൈവത്തിനു മാത്രം കൊടുക്കേണ്ട യോഗ്യത ശാസ്ത്രമു

ന്നേറ്റത്തിനും, മരുന്നു ഗവേഷകന്മാർക്കും നൽകിക്കൊണ്ടാണിരിക്കുന്നത്. ദൈവകരങ്ങളുടെ പ്രവൃത്തിയേക്കാൾ, മനുഷ്യരുടെ പ്രവൃത്തികളാണ് നമ്മെ പ്രീതിപ്പെടുത്തുന്നത്. ദൈവത്തിന്റെ ശക്തമായ പ്രവർത്തികൾക്ക് ഒരു മനുഷ്യന്റേയും നേട്ടം എതിരാവുന്നില്ല.

2. *തിരുവെഴുത്തുകൾ.* ലോകത്തോടും, ദേശങ്ങളോടും, ഗോത്രങ്ങളോടും, കുടുംബങ്ങളോടും, വ്യക്തികളോടും അവൻ എങ്ങനെ ഇടപെടുന്നു എന്നു നോക്കിയാൽ അവന്റെ സ്വഭാവത്തെ മനസിലാകും. പ്രപഞ്ചത്തിലും മനുഷ്യരിലും ഉള്ള ദൈവത്തിന്റെ വ്യാപാരം വെളിപ്പെടുത്തിയിരിക്കുകയാണ് ബൈബിളിൽ ആരംഭം മുതൽ അവസാനം വരെ. സൃഷ്ടികർത്താവായ ദൈവത്തോടുകൂടെ അത് ആരംഭിക്കുകയും സകല സൃഷ്ടികളെയും പൂർത്തീകരിക്കുന്ന ദൈവത്തോടുകൂടി അവസാനിപ്പിക്കുകയും ചെയ്തിരിക്കുന്നു. ശക്തനായ ദൈവത്തിനോ അല്ലെങ്കിൽ അവന്റെ വ്യക്തിപരമായ മനോഗുണങ്ങൾക്കോ മനുഷ്യൻ ചെയ്യുന്നതൊന്നും എതിരാവുകയില്ല. അവന്റെ സ്നേഹം, കരുണ, കൃപ എന്നിവ താരമ്യം ചെയ്യാവുന്നതിനപ്പുറമാണ്. ലോകത്തിലെ ഭിന്നിപ്പിക്കലും, നാശവും അവൻ വെറുക്കുന്നതിനും തുല്യമായി മറ്റൊന്നില്ല.

3. *ദൈവഭക്തിയുള്ള ജീവിതങ്ങൾ* (ഗലാത്യർ 2:20). അവൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കയാൽ തന്നെ അനുകരിക്കുവാനും പൗലൊസ് പറഞ്ഞിട്ടുണ്ട് (1 കൊരിന്ത്യർ 11:1). പൗലൊസിനെ നോക്കിയാൽ, അവനിൽ വസിച്ച ക്രിസ്തുവിനെ ക്രിസ്ത്യാനികൾക്ക് കാണുവാൻ കഴിയും. ബൈബിളിലെ മഹാന്മാരുടെ ജിവിതങ്ങളിൽ നാം ദൈവത്തെ കാണുന്നു. അതുപോലെ, ദൈവഭക്തിയോടെ ജീവിക്കുന്ന ആളുകളിൽ നമുക്ക് ദൈവത്തെ കാണുവാൻ കഴിയും.

4. *ധാർമ്മികവും ആത്മികവുമായ തത്വങ്ങൾ.* ദൈവം നമുക്ക് നൽകിയിരിക്കുന്ന ധാർമ്മികവും ആത്മികവുമായ തത്വങ്ങൾ അവന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്നു. ആ നല്ലതും വിസ്മയാവഹവുമായ മനോഗുണങ്ങൾ നാം അനുകരിച്ചാൽ, സമൂഹങ്ങൾ മഹത്തായി തീരുകയും, ലോകത്തിൽ സന്തോഷവും സമാധാനവും ക്രമവും കൈവരിക്കയും ചെയ്യും. ദൈവത്തിന്റെ നീതിയും ധാർമ്മിക നന്മയും മനസിലാക്കിയാൽ, നാം അവനെ ആദരിക്കും. സങ്കീർത്തനക്കാരൻ പറഞ്ഞു, "ഞാൻ യഹോവയെ അവന്റെ നീതിക്ക് തക്കവണ്ണം സ്തുതിക്കും, അത്യുന്നതനായ ദൈവത്തിന്റെ നാമത്തിന്നു സ്തോത്രം പാടും" (സങ്കീർത്തനങ്ങൾ 7:17). ദൈവസ്വഭാവം ഉൾപ്പെടുത്തിയിരിക്കുന്ന തത്വങ്ങൾ കൂടാതെ ജീവിക്കുന്ന സമൂഹങ്ങൾ അധാർമ്മികവും, അലങ്കോലവും, കുഴപ്പം പിടിച്ചതും, അപരിഷ്കൃതവുമാണെന്നു കാണാം.

5. *അവന്റെ കരുണാധിക്യപ്രകാരമുള്ള കരുതൽ.* അവന്റെ സൃഷ്ടിയെ കുറിച്ചുള്ള കരുണാധിക്യപ്രകാരമുള്ള കരുതലിൽ നമുക്ക് ദൈവത്തെ കാണുവാൻ കഴിയും. "എങ്കിലും അവൻ നന്മ ചെയ്കയും ആകാശത്തുനിന്നു മഴയും ഫലപുഷ്ടിയുള്ള കാലങ്ങളും നിങ്ങൾക്ക് തരികയും ആഹാരവും സന്തോഷവും നൽകി നിങ്ങളെ തൃപ്തരാക്കുകയും ചെയ്തുപോന്നതിനാൽ അവനെ കുറിച്ചു സാക്ഷ്യം തരാതിരുന്നിട്ടില്ല" (പ്രവൃത്തികൾ 14:17).

തന്റെ ഉപകാരപ്രദമായ പ്രവൃത്തികളുടെ തെളിവുകൾ ദൈവം തന്റെ സൃഷ്ടികൾക്ക് നൽകിയിരിക്കുന്നു. ജീവിതത്തിന്റെ സൗന്ദര്യമുള്ള എല്ലാവശങ്ങളും അവന്റെ കരുതൽ പ്രഖ്യാപിക്കുന്നു. അവൻ സൃഷ്ടിച്ച ഭൂമി മനോഹരമായ കാഴ്ച്ച സമ്മാനിക്കുന്നു, മനോഹരമായ ശബ്ദം കേൾക്കുവാൻ

കഴിയുന്നു, ഉപകാരപ്രദമായ പലതും കണ്ടുപിടിക്കുവാനും, ആവേശകരമായ പ്രവൃത്തികൾ ചെയ്യുവാനും കഴിയുന്നു. ജീവിതം വിലയുള്ളതും അർത്ഥ വത്താക്കുകയും, ഹൃദയങ്ങളെ സന്തോഷിപ്പിക്കുന്ന പല അനുഗ്രഹങ്ങളും അവന്റെ ലോകം നമുക്ക് നൽകുന്നു. അവൻ എല്ലാവർക്കും നന്മയും, ദയയും പ്രദർശിപ്പിക്കുന്നു (മത്തായി 5:45; റോമർ 2:4), പ്രത്യേകിച്ച് അവനെ സ്നേ ഹിക്കുകയും സേവിക്കുകയും ചെയ്യുന്നവർക്ക് (റോമർ 8:28).

അവൻ ഏതുപോലെയിരിക്കും എന്ന് വ്യക്തിപരമായി അനുഭവിച്ചറിയു വാൻ ദൈവം നമ്മെ ക്ഷണിക്കുന്നു. അവനിൽ ആശ്രയിക്കുന്നവരുടെ ആവ ശ്യങ്ങളോട് ദൈവം എങ്ങനെ പ്രതികരിക്കുമെന്ന് ദാവീദ് വിവരിക്കുന്നു. അവന്റെ കരുണയും കരുതലും അനുഭവിച്ചറിയുവാൻ അവനെ പരീക്ഷിക്കു വാൻ അവരെ പ്രബോധിപ്പിച്ചിരിക്കുന്നു:

> ഞാൻ യഹോവയോട് അപേക്ഷിച്ചു അവൻ എനിക്ക് ഉത്തരമരുളി, എന്റെ സകല ഭയങ്ങളിൽനിന്നും എന്നെ വിടുവിച്ചു, അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി, അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല, ഈ എളിയ വൻ നിലവിളിച്ചു, യഹോവ കേട്ടു. അവന്റെ സകല കഷ്ടങ്ങളിൽനി ന്നും അവനെ രക്ഷിച്ചു. യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു.
>
> യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ, അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ! (സങ്കീർത്തനങ്ങൾ 34:4–8).

തന്റെ ഇഷ്ടം മാനിച്ച് തന്നിൽ ശരണം പ്രാപിക്കുന്നവരെ ദൈവം ഒരിക്കലും പരാജയപ്പെടുത്തുകയില്ല. തന്റെ ഭക്തന്മാർക്ക് ദൈവം ഒരു നന്മയും മുടക്കു കയില്ല (സങ്കീർത്തനങ്ങൾ 84:11, 12).

6. *അനുസരണം*. ദൈവേഷ്ടം ചെയ്യുന്നതിലൂടെ നാം അവന്റെ സ്വഭാവ ഗുണങ്ങളെ ശീലിക്കുന്നു. നമുക്ക് പിൻപറ്റുവാൻ ദൈവം ഒരു മാതൃക ഒരു ക്കിയിരിക്കുന്നു (1 പത്രൊസ് 1:16). മറ്റൊരു വ്യക്തിയുടെ ജീവിത രീതി പങ്കിട്ട് ആയാളെ നാം മനസിലാക്കുന്നതുപോലെ, അനുസരണത്തോടെ പ്രതികരിച്ച് നമുക്ക് ദൈവത്തിന്റെ സ്വഭാവത്തെ മനസിലാക്കുവാൻ കഴിയും. ദൈവത്തെ അനുസരിക്കാത്തവർ അവനെ അറിയുന്നില്ല (1 യോഹന്നാൻ 2:3–5) അറിയു വാൻ കഴിയുകയുമില്ല.

7. *യേശു*. ദൈവം തന്നെ പൂർണ്ണമായി യേശുവിൽ വെളിപ്പെടുത്തിയിരി ക്കുന്നു (യോഹന്നാൻ 1:18). അവനെ കൂടാതെ നമുക്ക് ദൈവത്തിന്റെ സ്നേ ഹം, കരുണ, കൃപ, നന്മ എന്നിവ അറിയില്ല. യേശുവിന്റെ പുതിയനിയമ രക്തം മുഖാന്തരം (മത്തായി 26:28), ദൈവത്തിന്റെ കരുണ അറിയപ്പെട്ടിരിക്കുന്നു. പു തിയനിയമത്തിൻകീഴുള്ളവരെ കുറിച്ച് യിരെമ്യാ പ്രവാചകൻ പ്രവചിച്ചിരിക്കു ന്നു, "അവർ ആബാലവൃദ്ധം എന്നെ അറിയും ... ഞാൻ അവരുടെ അകൃത്യം മോചിക്കും, അവരുടെ പാപം ഇനി ഓർക്കയുമില്ല എന്ന് യഹോവയുടെ അരുളപ്പാട്" (യിരെമ്യാവ് 31:34; എബ്രായർ 8:12). യേശുവിന്റെ മരണം മൂലം കരുണാപൂർവ്വം നമ്മെ വീണ്ടെടുക്കുന്നതിനാൽ നാം ഒരുവിധത്തിൽ ദൈവ സ്വഭാവത്തെ അറിയുകയാണ്. ദൈവത്തിന്റെ മഹത്തായ സ്വഭാവം തന്റെ സമ്പൂർണ്ണ സ്വഭാവത്താൽ യേശു നമുക്ക് കാണിച്ചു തരുന്നു.

ദൈവത്തെ അറിയുന്നതിനാൽ, അത്ഭുതകരവും അതിശയകരവുമായ ദൈവത്തിന്റെ വ്യക്തിത്വത്തോട് നമുക്ക് ബന്ധപ്പെടുവാൻ കഴിയും. നമുക്ക് അറിയുവാനോ മനസിലാക്കുവാനോ കഴിയാത്ത ഒരാളെ നമുക്ക് ബഹുമാനിക്കുവാനോ ആദരിക്കുവാനോ കഴിയുകയില്ല. അതുപോലെയാണ് ദൈവത്തെ നാം ആരാധിക്കുന്നതും: അവനെ അറിയാതെ നമുക്ക് ദൈവത്തെ നമസ്ക്കരിക്കുവാൻ സാധ്യമല്ല.

## ദൈവം ആരാകുന്നു എന്നതിനാൽ അവനെ ആരാധിക്കൽ

നാം അവനെ ആരാധിക്കുവാൻ ശ്രമിക്കുമ്പോൾ, ദൈവസ്വഭാവത്തിന്റെ ചില സവിശേഷതകൾ നാം മനസിലാക്കിയിരിക്കണം. അവന്റെ സ്വഭാവം നാം മനസിലാക്കിയാൽ, അവന്റെ സ്വഭാവത്തെയും മാഹാത്മ്യത്തെയും നാം അതിശയിച്ചുപോകും. അക്കാരണത്താലാണ് നാം ദൈവത്തെ ആരാധിക്കുവാൻ ആഗ്രഹിക്കുന്നത്.

1. *അവൻ ആത്മാവാകുന്നു* (യോഹന്നാൻ 4:23, 24), ഭൗതികമായ ഒന്നുമല്ല. ഭൗതികമായ കണ്ണുകൾ കൊണ്ട് അവനെ കാണുവാൻ സാധ്യമല്ല (കൊലൊസ്യർ 1:15; 1 തിമൊഥെയൊസ് 6:16). നാം ദൈവത്തെ ആരാധിക്കുമ്പോൾ, ഭൗതികമായ വസ്തു കാണുന്നതുപോലെ അവനെ കാണുവാൻ ശ്രമിക്കരുത്.

ആത്മിയമായ അർത്ഥത്തിൽ അദൃശ്യമായവയെ നമുക്ക് കാണാം. അവനെ ഭൗതികമായി കാണുവാനോ, കേൾക്കുവാനോ, സ്പർശിക്കുവാനോ കഴിയുകയില്ലെങ്കിലും, ദൈവസാന്നിധ്യം ആത്മിയമായി നമുക്ക് അനുഭവിക്കുവാൻ കഴിയും. പ്രായോഗികമായി പറയുകയാണെങ്കിൽ, അവൻ ഉണ്ടാക്കിയവയിൽ കൂടെ നമുക്ക് അവനെ കാണുവാൻ സാധിക്കും (റോമർ 1:20), പ്രപഞ്ചത്തിലെ മനുഷ്യരിൽ അവൻ തുടർന്നു ചെയ്തുകൊണ്ടിരിക്കുന്നതും മനസിലാക്കുവാൻ കഴിയും.

2. നിലനിൽക്കുന്ന എല്ലാ വ്യക്തികളെക്കാളുമധികമായി നിത്യശക്തിയുള്ള *സൃഷ്ടികർത്താവാണ് അവൻ* (റോമർ 1:20). അവൻ എല്ലാറ്റിനും ദൈവം ആകുന്നു (എഫെസ്യർ 4:6). അത്തരം ശക്തി മഹോന്നതമാണ്. പ്രപഞ്ചത്തിന്റെ വിസ്തൃതിയും അതിലെ ഊർജവും നോക്കുക. സൃഷ്ടിയെ ദൈവവുമായി താരതമ്മ്യം ചെയ്യുമ്പോൾ, സൃഷ്ടി ശക്തിഹീനമാണ്, അതുകൊണ്ട് സൃഷ്ടി ദൈവത്തിൽ ആശ്രയിക്കണം. ദൈവത്തിന്റെ സൃഷ്ടിയെ നോക്കി നമുക്ക് ദൈവത്തിന്റെ മാഹാത്മ്യത്തെ ദർശിക്കുവാൻ കഴിയും. നമുക്ക് ദൈവത്തോട് മൽസരിക്കുവാൻ സാധ്യമല്ല, കാരണം എല്ലാം നിർമ്മിച്ച വലിയ ദൈവവുമായി താരതമ്യം ചെയ്താൽ നമ്മുടെ ശക്തി ഒന്നുമല്ല (1 കൊരിന്ത്യർ 1:25). നമ്മുടെ – എല്ലാ അറിവിനുമപ്പുറമായി ഏറ്റവും വലിയ ബഹുമാനത്തിന് അവൻ യോഗ്യനാണ്. നാം സൃഷ്ടിയെ ഭജിക്കുന്നതിനു പകരം, സൃഷ്ടികർത്താവിനെ നാം ആരാധിക്കുകയും സേവിക്കുകയും ചെയ്യണം (റോമർ 1:25).

3. *അവന് ഉയർന്ന ബുദ്ധിശക്തിയാണുള്ളത്*, അത് സൃഷ്ടിയിൽ വെളിപ്പെടുത്തിയിരിക്കുകയാണ്. പൗലൊസ് ഈ താരതമ്യം നടത്തിയിരിക്കുന്നു, "... ദൈവത്തിന്റെ ഭോഷത്വം മനുഷ്യരേക്കാൾ ജ്ഞാനമേറിയത്" (1 കൊരിന്ത്യർ 1:25). മിക്ക സമൂഹങ്ങളിലും വലിയ ബുദ്ധിജീവികളെ ജനം അതിയായി ബഹുമാനിക്കും. ദൈവത്തിന്റെ ജ്ഞാനവും വിവേകവും അപാ

രമാണ്, അത് എല്ലാ മനുഷ്യരേയും ചേർത്തുവെച്ചാൽ, അതിലും മികച്ചതായിരിക്കും.

4. *അവൻ സർവ്വജ്ഞാനിയാണ്*. ദൈവം നമ്മെ മുഴുവനായും അറിയുന്നു എന്നു പറഞ്ഞു ദാവീദ് ദൈവത്തിന്റെ ഈ സ്വഭാവവിശേഷത്തെ പ്രകടിപ്പിച്ചിരിക്കുന്നു. നാം എവിടെയായിരുന്നാലും അവൻ നമ്മുടെ ചിന്തകൾ അറിയുന്നു (സങ്കീർത്തനങ്ങൾ 139:1–12). അവനെ ആരാധിക്കുന്ന ശ്രമത്തിലെ നമ്മുടെ ബലഹീനതയും അവൻ അറിയുന്നു. അവന്റെ കണ്ണിൽ പെടാത്തതായി ഒന്നുമില്ല (എബ്രായർ 4:13). നാം ആളുകളെ പുകഴ്ത്താൻ ശ്രമിക്കുമ്പോൾ പോലും, അവർ നമ്മെ അവഗണിച്ചേക്കാം. ദൈവത്തെ ആരാധിക്കുന്നത് വൃഥാവായി പോകയില്ല. നമ്മുടെ ഭൗതിക പ്രവൃത്തികൾ അവൻ കാണുകയും കേൾക്കുകയും ചെയ്യുന്നു എന്നു മാത്രമല്ല, ഓരോ ആരാധകന്റേയും ഹൃദയത്തിലുള്ളതു അവൻ മനസിലാക്കുകയും അറിയുകയും ചെയ്യുന്നുണ്ട്.

5. *അവൻ സർവ്വവ്യാപിയാണ്*. " 'ഞാൻ കാണാതവണ്ണം ആർക്കെങ്കിലും മറയത്ത് ഒളിപ്പാൻ കഴിയുമോ?' എന്ന് യഹോവയുടെ അരുളപ്പാട്, 'ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനല്ലയോ' എന്ന് യഹോവയുടെ അരുളപ്പാട്" (യിരെമ്യാവ് 23:24). നമുക്ക് ദൈവത്തെ എവിടെയും ആരാധിക്കാമെന്നാണ് ആ ഗുണം സൂചിപ്പിക്കുന്നത്, ഏകാന്തമായിട്ടും സഭായോഗമായിട്ടും. "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട് എന്നും ഞാൻ നിങ്ങളോട് പറയുന്നു" (മത്തായി 18:20).

ദൈവം ആത്മാവാകയാൽ അവനു ഒരേ സമയത്ത് എല്ലായിടത്തും ആയിരിപ്പാൻ കഴിയും. ആ ഗുണത്താലാണ് അവൻ സർവ്വജ്ഞാനിയായിരിക്കുന്നത്. നാം ആരാധിക്കുമ്പോഴും, നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷത്തിലും അവൻ നമ്മോടൊപ്പമുണ്ട്.

6. *അവൻ സ്നേഹവും, പരിശുദ്ധിയും, നന്മയും, നീതിയും, ദയയും, കരുണയും ഉള്ളവനാണ്*. അവന്റെ സ്വഭാവത്തിൽ പെടുന്നതാണ് ഏറ്റവും വലിയ വ്യക്തിപരമായ യോഗ്യതയായി കണക്കാക്കുന്നത്. അവൻ നീതിയെ ഇഷ്ടപ്പെടുകയും അധർമ്മത്തെ വെറുക്കുകയും ചെയ്യുന്നു (എബ്രായർ 1:9). നമ്മുടെ ആദരവിനു യോഗ്യമായതാണ് അവന്റെ മനോഗുണങ്ങൾ. ദൈവത്തിൻനിന്നു നമുക്ക് നല്ലതു പ്രതീക്ഷിക്കുകയും അവനിൽ ആശ്രയിക്കുകയും ചെയ്യാം (യാക്കൊബ് 1:17). അവൻ മുൻപ് ആയിരുന്നതുപോലെ തന്നെ ഭാവിയിലും ആയിരിക്കും; കാരണം അവന്റെ സ്വഭാവത്തിന് മാറ്റമില്ല (മലാഖി 3:6).

നമുക്ക് അതിനു യോഗ്യതയില്ലെങ്കിലും, ദൈവം തന്റെ ദയയൂം നന്മയും നമ്മോടു കാണിച്ചുകൊണ്ടിരിക്കുന്നു. ആ അനുഗ്രഹങ്ങൾ നിമിത്തം അവനോട് നന്ദി ചെലുത്തി നാം അവനെ ആരാധിക്കണം.

> അവന്റെ വാതിലുകളിൽ സ്തോത്രത്തോടും അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടും കൂടെ വരുവിൻ, അവന്നു സ്തോത്രം ചെയ്തു അവന്റെ നാമത്തെ വാഴ്ത്തുവിൻ, യഹോവ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളത്, അവന്റെ വിശ്വസ്തത തലമുറ തലമുറയോളം ഇരിക്കുന്നു (സങ്കീർത്തനങ്ങൾ 100:4, 5; കൂടാതെ 106:1; 107:1; 118:1, 29).

7. *അവൻ കോപവും, വെറുപ്പും, അറപ്പും, സുഖരാഹിത്യവും, ക്രോധവു*

*മുള്ളവനാണ്*. അവൻ തികച്ചും പരിശുദ്ധനാണ്, അശുദ്ധമായതെല്ലാം അവന് അറെപ്പുളവാക്കുന്നവയാണ്. അവൻ നന്മയെ ഇഷ്ടപ്പെടുകയും തിന്മയെ വെറുക്കുകയും ചെയ്യുന്നു (എബ്രായർ 1:9). ദുഷ്ടന്മാരെയും അവരുടെ ആരാധനയെയും അവൻ സ്വീകരിക്കുകയില്ല. ആരാധനയിൽ നാം ചെയ്യുന്ന തെല്ലാം അവന് പ്രസാദകരമായതുകൊണ്ടല്ല, പിന്നെയോ നമ്മുടെ ആരാധന രൂപത്തിലും സത്തയിലും അവന്റെ ഇഷ്ടത്തോട് നാം അനുരൂപമാകുവാൻ ശ്രദ്ധിക്കുന്നതുകൊണ്ടാണ്.

ആദരിക്കത്തക്ക എല്ലാ യോഗ്യതയും, സൽഗുണവും, മനോഗുണവും അവനുണ്ട്. അവനെ കൂടാതെ മറ്റൊരുത്തനുമില്ല, അവനെ പോലെ മറ്റൊരുത്തനുമില്ല (യെശയ്യാവ് 46:9). അവൻ പരിശുദ്ധരിൽ അതിപരിശുദ്ധനും, വലിയവരിൽ വെച്ച് വലിയവനും, പ്രൗഢികളിൽ വെച്ച് പ്രൗഢിയുള്ളവനുമത്രെ. അവൻ എല്ലാറ്റിലും എല്ലാറ്റിന്മേലും മുകളിലുള്ളവൻ (എഫെസ്യർ 4:6).

നാം ദൈവത്തെ അറിയുകയാണെങ്കിൽ, അവൻ അത്ഭുതത്തിലും, അമ്പരപ്പിക്കുന്ന മാഹാത്മ്യത്തിലും, ഔന്നത്യത്തിലും നാം വിസ്മയിച്ചുപോകും. നാം അവനെ കൂടുതൽ അറിയുന്നേടത്തോളം, അവന്റെ അത്ഭുതത്തെ പ്രകീർത്തിച്ച്, അവനെ ആരാധിക്കും.

## അവൻ എന്തു ചെയ്യുന്നു എന്നതിനാൽ ദൈവത്തെ ആരാധിക്കൽ

ദൈവം ആരാണെന്നതുകൊണ്ടു മാത്രമല്ല നാം അവനെ ആരാധിക്കുന്നത്, പിന്നെയോ അവൻ എന്തു ചെയ്തു, എന്തു ചെയ്തുകൊണ്ടിരിക്കുന്നു, ഭാവിയിൽ എന്തു ചെയ്യും എന്നുള്ളതുകൊണ്ടും ആണ് നാം അവനെ ആരാധിക്കുന്നത്. ദൈവത്തിന്റെ ആ പ്രവൃത്തികൾ തിരിച്ചറിയുന്നത് അവന് നന്ദിയും അനുമോദനവും അർപ്പിച്ച് ആരാധിക്കുവാൻ നമ്മെ പ്രചോദിപ്പിക്കുന്നു.

ദൈവത്തെ പുകഴ്ത്തേണ്ടതിന്റെ കാരണങ്ങൾ ദാവീദ് കണ്ടെത്തി. അവൻ സങ്കീർത്തനങ്ങൾ 106-ൽ എഴുതി,

> യഹോവയെ സ്തുതിപ്പിൻ,
> യഹോവക്ക് സ്തോത്രം ചെയ്വിൻ, അവൻ നല്ലവനല്ലോ.
> അവന്റെ ദയ എന്നേക്കുമുള്ളത്
> യഹോവയുടെ വീര്യപ്രവൃത്തികൾ ആർ വർണ്ണിക്കും?
> അവന്റെ സ്തുതിയെ ഒക്കെയും ആർ വിവരിക്കും?
> (വാക്യങ്ങൾ. 1, 2).

മൽസരിച്ചതിന് യിസ്രായേലിനെ ശിക്ഷിച്ചതും, അവരെ കുറിച്ചുള്ള കരുതലും അടങ്ങുന്ന ദൈവത്തിന്റെ പ്രവൃത്തികൾ പുകഴ്ച്ചക്ക് യോഗ്യമായി ദാവീദ് പിന്നീട് പറയുന്നു.

> എന്നാൽ അവരുടെ നിലവിളി കേട്ടപ്പോൾ, അവൻ അവരുടെ കഷ്ടതയെ കടാക്ഷിച്ചു അവൻ അവർക്കായി തന്റെ നിയമത്തെ ഓർത്തു. തന്റെ മഹാ ദയപ്രകാരം അനുതപിച്ചു (വാക്യങ്ങൾ. 44, 45).

ദൈവം യിസ്രായേലിനോട് ഇടപെട്ടതു ശ്രദ്ധിച്ചതിന്റെ ഫലമായി ദാവീദ് ഈ

തീർപ്പിൽ എത്തി:

> യിസ്രായേലിന്റെ ദൈവമായ യഹോവ, എന്നും എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ. ജനമെല്ലാം "ആമേൻ" എന്നു പറയട്ടെ. യഹോവയെ സ്തുതിപ്പിൻ! (വാക്യം. 48).

**സംക്ഷിപ്തം**

ദൈവത്തിൽ ശ്രദ്ധിക്കുന്നതാണ് എല്ലാ ആരാധനയുടേയും അടിസ്ഥാനം; കാരണം അതു കൂടാതെ ദൈവം ആരാധിക്കപ്പെടുന്നില്ല. ആത്മിയ പ്രവൃത്തികളും, മനുഷ്യരുടെ ഉൾപ്പെടലും, പരിപാടികളുടെ ക്രമവും, ശരിയായ ലക്ഷ്യവും ആരാധനക്ക് ആവശ്യമായ ഘടകങ്ങളാണ്, പക്ഷെ അവ ഒന്നും ആരാധനയുടെ കേന്ദ്രമല്ല. ആ സ്ഥാനം ദൈവത്തിനു മാത്രമുള്ളതാണ്.

ദൈവത്തെ ആരാധിക്കുവാനുള്ള ശരിയായ മനോഭാവവും ലക്ഷ്യവുമുണ്ടാകുവാൻ, നാം ദൈവത്തെയും അവന്റെ സ്വഭാവത്തെയും നന്നായി മനസിലാക്കണം. അവനെ അറിഞ്ഞാൽ മാത്രമെ നമുക്ക് അവന്റെ ശക്തിയും മഹത്വവും പുകഴ്ച്ചയുമനുസരിച്ച് അനുമോദത്തോടെ പ്രതികരിക്കുവാൻ കഴിയുകയുള്ളു.

---

കുറിപ്പ്

[1]ജോൺ ഈ. ബർക്ക്ഹാർട്ട്, *വർഷിപ്* (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1982), 29-30.